പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1759 07.03.2018 ൽ മറുപടിക്ക്

## ഇടുക്കി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കട്ടപ്പനയിൽ പ്രവർത്തിക്കുന്ന ഇടുക്കി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ നിലവിലുള്ള തടസ്സം എന്താണെന്നു വ്യക്തമാക്കുമോ; | (എ) (ബി) & (സി) | ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടപ്പന താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുവാൻ 3 കോടി 60 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ കെട്ടിടം പണി പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കി കഴിഞ്ഞാൽ കെ.എം.എസ്.സി.എൽ വഴി ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് കേന്ദ്രം പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ഏതുഘട്ടംവരെയായി; വ്യക്തമാക്കാമോ; | | |
| (സി) | നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ